പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 42 എണ്ണം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) പ്ലാൻ സ്കീം അനുസരിച്ച് ഓരോ വർഷവും മൂറൽ ഡിസ്പെൻസറി, റൂലർ ഡിസ്പെൻസറിയായി ഉയർത്താൻ അംഗീകാരമുണ്ട്. ഓരോ ഡിസ്ട്രിക്റ്റിലും പുതിയതായി ഡിസ്പെൻസറികൾ തുറക്കുമ്പോൾ ഈകാര്യത്തിൽ മുൻഗണന കൊടുക്കാവുന്നതാണ്.

(ഈ) തൽക്കാലം ഉദ്ദേശമൊന്നും ഇല്ല.

ഇലക്ട്രിക് ലൈറ്റും വാട്ടർ കണക്ഷനും.

* 34. [40] ശ്രീ. ഈ. പി. ഈപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ ഏരിയ വികസിപ്പിച്ചശേഷം, വികസിപ്പിച്ച പ്രദേശങ്ങളിൽ ഇലക ട്രിക് ലൈറ്റും വാട്ടർ കണക്ഷനുകളും കൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പ്രദേശങ്ങളിലെല്ലാംതന്നെ ഏറ്റവും വേഗത്തിൽ മേൽപ്പടി കാര്യം പരിഹരിക്കാൻ വേണ്ടപ്പെട്ട അധികാരികൾക്ക് ഉടനടി നിർദ്ദേശം കൊടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ, ബി) ഇല്ല. ഇലക്ട്രിക് ലൈറ്റും വാട്ടർ കണക്ഷനുകളും കൊടുക്കാനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

ശമ്പളം ലഭിക്കാത്ത ആശുപത്രി ജീവനക്കാർ.

* 35. [42] ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ സർവ്വീസ് റൂലറൈസ് ചെയ്യാത്തതു കാരണം എത്ര ആശുപത്രി ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാതെയുണ്ട് ;

(ബി) ഇക്കാര്യത്തെപ്പറ്റി അവരുടെ സംഘടനയിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിക്കു നൽകിയ നിവേദനം സംബന്ധിച്ച് എന്തു നടപടി എടുത്തു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) സർവ്വീസ് റൂലറൈസ് ചെയ്യാത്തതു കാരണം ശമ്പളം ആക്കം കൊടുക്കാതിരിക്കുന്നില്ല.

(ബി) കണ്ണൂർ ജില്ലയിലെ കരാർ താൽക്കാലിക ലാവണങ്ങൾക്ക് കണ്ടിന്യുവൻസ് സാംഗ്ഷൻ (Continuance Sanction) കൊടുത്തിരുന്നില്ല. അതിലേക്കുള്ള അനുവാദം 2-9-64-ൽ കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly